DESPATCHED
On.18/03/2022

16/3/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 2(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.4/SIC-Gen4/2022**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 16**

ശ്രീ. രഞ്ജിത് എം.ദാസ്,
രഞ്ജിത് ഭവൻ,
വടക്കേവിള, ആട്ടുകാൽ,
ചുള്ളിമാനൂർ പി.ഒ.,
നെടുമങ്ങാട്, തിരുവനന്തപുരം – 695 541.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പ്രഥമാധ്യാപിക,
   വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂൾ,
   പനയ്ക്കോട്, തിരുവനന്തപുരം – 695 542.
2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
   ആറ്റിങ്ങൽ, തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 10.6.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 17.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 1.1.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 15.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രഞ്ജിത് എം.ദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കാത്തതിനാൽ അപ്പീൽ അധികാരിയായ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ നൽകി എന്നും അപ്പീൽ അധികാരിയുടെ ഉത്തരവുണ്ടായിട്ടും ടിയാനെയും അപ്പീൽ അധികാരിയേയും ഒരു

പോലെ കബളിപ്പിച്ചുകൊണ്ട് അസ്പഷ്ടമായി വ്യാജമായി സൃഷ്ടിച്ചെടുത്ത ഒരു മറുപടി കത്താണ് ലഭിച്ചതെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരം ലഭ്യമാക്കാൻ വേണ്ട സത്വര നടപടി സ്വീകരിക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ശ്രീജിത് കെ.ജെ. പനയ്ക്കോട് കാണി ഗവൺമെന്റ് ഹൈസ്കൂളിൽ ജോയിൻ ചെയ്ത തീയതി എന്നാണെന്നും ജോയിനിംഗ് റിപ്പോർട്ടിന്റെ പകർപ്പ് നൽകണമെന്നും

ii. ടി അദ്ധ്യാപകൻ സ്കൂളിൽ മറ്റ് ഏതെങ്കിലും ചുമതലകൾ വഹിച്ചിരുന്നോ എന്നും ഏതൊക്കെ ചുമതലകൾ വഹിച്ചിരുന്നു എന്നും

iii. വഹിച്ചിരുന്ന പദവികളുമായി ബന്ധപ്പെട്ട് ടി അധ്യാപകനെതിരെ എന്തെങ്കിലും പരാതി ഉണ്ടായിരുന്നോ എന്നും ഏതൊക്കെ എന്നും അവയുടെ ശരിപ്പകർപ്പ് നൽകണമെന്നും മറ്റുമായി 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭിക്കാത്തതിനെ തുടർന്ന് 17.8.2021 തീയതി ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചതായി കാണുന്നു. ടി അപ്പീൽ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷ സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് പനയ്ക്കോട് വി.കെ. കാണി ഗവ.എച്ച്.എസിലെ സ്റ്റേറ്റു പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും ആയത് പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ നിലവിലെ സ്റ്റേറ്റു പബ്ലിക് ഇൻഫർമേഷൻ ഓഫീസർ 16.7.2021–നാണ് മേൽപ്പടി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചത് എന്ന് അറിയിച്ചിട്ടുണ്ടെന്നും പരാമർശിത കാലയളവിലെ സ്റ്റേറ്റു പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പരിവർത്തിതാവധിയിൽ ആയിരുന്നുവെന്നും അപേക്ഷ ലഭിക്കുമ്പോൾ ലോക്ക്ഡൗൺ ആയതിനാൽ ടിയാന് സ്കൂളിൽ എത്തിച്ചേരാൻ സാധിച്ചില്ലെന്നും പിന്നീട് ടിയാൻ സ്ഥലം മാറ്റം ലഭിച്ച് പോകുകയും ചെയ്തതിനാൽ മറുപടി നൽകാൻ വിട്ടുപോയതാണെന്നും മന:പൂർവ്വമല്ലാതെ സംഭവിച്ച തെറ്റ് മാപ്പാക്കണമെന്നും 25.9.2021–ന് ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെടുന്ന വിവരങ്ങൾ സമയക്രമം പാലിച്ച് കൃത്യമായി നൽകേണ്ടതാണെന്ന് എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുകയും 10.6.2021–ലെ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിന് എസ്.പി.ഐ.ഒയെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 16.7.2021–നാണ് നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സ്ഥാനകയറ്റം മുഖേന വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂളിൽ പ്രഥമാധ്യാപികയായി ചുമതല എടുത്തത് എന്നും ഹർജിക്കാരൻ ടി സ്കൂളിൽ വിവരാവകാശ അപേക്ഷ നൽകിയ വിവരം ഡി.ഇ.ഒയുടെ 27.8.2021–ലെ കത്തിൽ

നിന്നാണ് മനസിലായത് എന്നും അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം പരാമർശിത കാലയളവിലെ ഹെഡ്മാസ്റ്ററോട് വിശദീകരണം ആരായുകയും വിശദമായ റിപ്പോർട്ടും മാപ്പപേക്ഷയും 10.9.2021–ന് അപ്പീൽ അധികാരിക്ക് നൽകുകയും തുടർന്ന് ടിയാന്റെ അപേക്ഷയിന്മേലുള്ള മറുപടി 25.9.2021–ന് അയച്ചു നൽകിയിട്ടുള്ളതാണെന്നും അപേക്ഷകൻ ടി സ്കൂളിൽ നൽകിയ അപേക്ഷയിലും അപ്പീലപേക്ഷയിലും ആവശ്യപ്പെട്ടിരിക്കുന്ന രേഖകളും/വിവരങ്ങളും ടി സ്കൂളുമായി ബന്ധമില്ലാത്തതും വിവരാവകാശ നിയമ പരിധിയിൽ ഉൾപ്പെടാത്തതുമാണെന്നും രണ്ടാം അപ്പീൽ അപേക്ഷയിൽ ആദ്യ രണ്ട് അപേക്ഷകളിൽ നിന്നും വ്യത്യസ്തമായ പുതിയ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത് എന്നും ടിയാന്റെ മുഴുവൻ ചോദ്യങ്ങളും ടി സ്കൂളിൽ നിന്നും 2016 ജൂലൈ 21–ന് നെടുമങ്ങാട് സബ്ജില്ലയിലെ ഗവ.യു.പി.എസ്. ഇടനില സ്കൂളിലേക്ക് സ്ഥലംമാറി പോയ അധ്യാപകനെ സംബന്ധിച്ചാണെന്നും അദ്ദേഹത്തെ സംബന്ധിച്ച ടിയാൻ ആവശ്യപ്പെട്ട രേഖകൾ/വിവരങ്ങൾ ടിയാൻ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ ലഭിക്കുമെന്ന അറിയിപ്പും സ്ഥാപനത്തിന്റെ പേരും വിലാസവും നൽകിയിട്ടുണ്ടെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചിരുന്നു എന്നും എന്നാൽ ടി അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാൽ അപ്പീൽ വാദി 17.8.2021–ന് അപ്പീൽ സമർപ്പിച്ചു എന്നും അപേക്ഷ ലഭിച്ച കാലയളവിൽ സ്കൂളിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന പ്രഥമാധ്യാപകൻ 21.4.2021 മുതൽ 11.5.2021 വരെ പരിവർത്തിതാവധിയിൽ ആയിരുന്നുവെന്നും പിന്നീട് ലോക്ക്ഡൗൺ ആയതിനാൽ സ്കൂളിൽ എത്താൻ കഴിയാതെ വരികയും തുടർന്ന് സ്ഥലം മാറ്റം ലഭിച്ച് പോകുകയും ചെയ്തതിനാൽ മറുപടി നൽകാൻ വിട്ടുപോയതാണെന്നും ഹർജിക്കാരൻ അപ്പീൽ സമർപ്പിച്ചതിനെ തുടർന്ന് അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി നൽകുന്നതിന് നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് 17.9.2021–ന് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ 10.6.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കാലതാമസം വരുത്തി 28.9.2021 നാണ് 16.7.2021 ന് ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച നിലവിലെ ഒന്നാം എതിർകക്ഷിയായ ശ്രീമതി. അനിതകുമാരി ആർ. മറുപടി നൽകിയിട്ടുള്ളത് എന്ന് കാണുന്നു. മാത്രമല്ല നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം, അപ്പീൽ കാലാവധി തുടങ്ങിയ 30.3.2016–ലെ 69503/സി.ഡി.എൻ./2015/ജി.എ.ഡി നമ്പർ സർക്കുലറിൽ പ്രതിപാദിക്കും പ്രകാരമുള്ള യാതൊരു വിവരവും രേഖപ്പെടുത്തുകയോ, അപേക്ഷയിന്മേൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കുകയോ ചെയ്യാതെയുമാണ് ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ടി വീഴ്ചകൾ വിവരാവകാശ നിയമം 7(1), വകുപ്പിന്റെയും 30.3.2016–ലെ 69503/സി.ഡി.എൻ./2015/ജി.എ.ഡി നമ്പർ സർക്കുലറിന്റെയും ലംഘനവും വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്കൾക്ക് കാരണക്കാരിയും ഒന്നാം എതിർകക്ഷിയുമായ ശ്രീമതി. അനിതകുമാരിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു.

ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് ടി എതിർകക്ഷി 31.3.2022നകം ടിയാളുടെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാളുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

7. 10.6.2021–ന് വിവരാവകാശ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഒന്നാം എതിർകക്ഷിയായി പ്രവർത്തിച്ചിരുന്നത് ശ്രീ. മുഹമ്മദലി പി. ആയിരുന്നുവെന്നും ടിയാൻ അവധി കഴിഞ്ഞ് 2021 മെയ് 12–നാണ് ജോലിയിൽ തിരികെ പ്രവേശിച്ചതെന്നും തുടർന്ന് ജൂലൈ 1–ന് സ്ഥലം മാറ്റം ലഭിച്ച് കോട്ടയം പി.ടി.എം ഹൈസ്കൂളിൽ ചുമതലയേൽക്കുകയാണ് ചെയ്തെന്നും കാണുന്നു. ആയതിനാൽ 10.6.2021–ന് ലഭിച്ച വിവരാവകാശ അപേക്ഷയ്ക്ക് ടിയാൻ റിലീവ് ചെയ്ത 1.7.2021നകം എന്തുകൊണ്ട് മറുപടി നൽകിയില്ല എന്നത് സംബന്ധിച്ച ടിയാന്റെ വിശദീകരണം 31.3.2022 നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ടി വിശദീകരണം പരിശോധിച്ചശേഷം ടിയാനെതിരെ വിവരാവകാശ നിയമം 20(1) വകുപ്പുപ്രകാരം സ്വീകരിക്കേണ്ട ശിക്ഷാ നടപടി സംബന്ധിച്ച് കമ്മീഷൻ തീരുമാനം എടുക്കുന്നതാണ്.

8. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിന്മേൽ മറുപടി നൽകുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതിനാൽ ടി അപേക്ഷ ഒരിക്കൽ കൂടി ഒന്നാം എതിർകക്ഷി പരിശോധിച്ച് ലഭ്യമായ എല്ലാ വിവരവും നൽകേണ്ടതും ശ്രീ. ശ്രീജിത് കെ.ജെ. ഇപ്പോൾ എവിടെയാണോ ജോലി ചെയ്ത് വരുന്നത് എന്ന് കണ്ടെത്തി ടി സ്ഥാപനത്തിലേയ്ക്ക് വിവരാവകാശ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം അയച്ചു കൊടുത്ത് ലഭ്യമായ വിവരം സൗജന്യമായി ഹർജിക്കാരന് നൽകുവാനുള്ള നടപടി 25.3.2022നകം ഒന്നാം എതിർകക്ഷി സ്വീകരിക്കേണ്ടതുമാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk